പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3637 20/06/2019-ൽ മറുപടിക്ക്

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. സി. ജോസഫ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കിയതോടു കൂടി സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കും പരിശോധനയ്ക്കും എത്തുന്ന രോഗികളെ ചൂഷണം ചെയ്യുന്ന നടപടി ഒരു പരിധിവരെ അവസാനിപ്പിക്കുവാൻ സാധിച്ചതായി കരുതുന്നുണ്ടോ; | എ) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 01.01.2019 മുതൽ സംസ്ഥാനത്ത് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. രണ്ട് വർഷത്തിനു ശേഷം മാത്രമേ സ്ഥിരം രജിസ്ട്രേഷൻ നല്കുകയുള്ളൂ. സ്ഥിരം രജിസ്ട്രേഷൻ പൂർണ്ണമാകുന്ന വേളയിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കും പരിശോധനയ്ക്കും എത്തുന്ന രോഗികളെ ചൂഷണം ചെയ്യുന്ന നടപടി ഒരു പരിധിവരെ അവസാനിപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.. |
| ബി) | ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിച്ച് അവയുടെ സേവനനിലവാരം നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള സബ്കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിച്ച് അവയുടെ സേവന നിലവാരം നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള സബ്കമ്മിറ്റികൾ രൂപികരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | പ്രസ് തുത നിയമപ്രകാരമുള്ള രജിസ്ട്രേഷൻ സംവിധാനം ഏതൊക്കെ ജില്ലകളിലാണ് ഇതിനകം പ്രാവർത്തികമാക്കിയിട്ടുള്ള തെന്ന് അറിയിക്കുമോ; | | 01.01.2019 മുതൽ സംസ്ഥാനത്ത് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. അതുപ്രകാരം എല്ലാ ജില്ലകളിലും താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| ഡി | ഈ ജില്ലകളിൽ താല്ക്കാലിക രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | ഡി | താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ച ജില്ലകളിൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾക്ക് തുടക്കം കുറിയ്ക്കുവാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ